കുറ്റൂർ ഗ്രാമ പഞ്ചായത്ത്

കരട് ബഡ്ജറ്റ്

2026-2027




2026 മാർച്ച് 6



ഇന്ത്യൻ ഭരണഘടന

ആമുഖം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും
രാഷ്ട്രീയവുമായ **നീതി**, ചിന്ത, ആശയാവിഷ്കാരം,
വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള
സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള **സമത്വം** എന്നിവ
ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തുന്ന **സാഹോദര്യം** എല്ലാവരിലും
വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവെച്ച്,
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.



“എന്തെങ്കിലും ചെയ്യും മുമ്പ്,
ആ ചെയ്യുന്നതിന് മുമ്പ് നിങ്ങൾ കണ്ടിട്ടുള്ള
പാവപ്പെട്ടവരുടെ മുഖങ്ങൾ
ഓർമയിലേക്ക് കൊണ്ടുവരിക.
നിങ്ങൾ ചെയ്യാൻ പോകുന്ന പ്രവൃത്തികൊണ്ട്
അവർക്കെത്തെങ്കിലും
പ്രയോജനം ഉണ്ടാകുമോ എന്ന്
സ്വയം ചോദിക്കുക.”

കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീമതി. പ്രസന്ന സതീഷ്
പ്രസിഡന്റ്



ശ്രീ. ഗോപകുമാർ എം.ആർ
വൈസ് പ്രസിഡന്റ്



ശ്രീമതി. അനുപമ റ്റി എം
വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



ശ്രീമതി. അജിത എസ്സ്
ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



ശ്രീ. രാജീവ് ആർ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



ശ്രീ. അഭിലാഷ് തോമസ്
മെമ്പർ



ശ്രീമതി. ദീപ ആർ നായർ
മെമ്പർ



ശ്രീ. റെജി തോമസ്
മെമ്പർ



ശ്രീ. ജോൺ.പി.ജോൺ
മെമ്പർ



ശ്രീമതി. പുഷ്പ വത്സകുമാർ
മെമ്പർ



ശ്രീ. പി പി ഏലിയാസ്
മെമ്പർ



ശ്രീമതി. ശോശാമ്മ കുരുവിള
മെമ്പർ



ശ്രീമതി. രാധിക ഉത്തമൻ
മെമ്പർ



ശ്രീമതി. രാജലക്ഷ്മി റ്റി എം
മെമ്പർ



കുറ്റൂർ ഗ്രാമപഞ്ചായത്ത്

ആമുഖം

ഈ ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. അതോടൊപ്പം പ്രാദേശിക ഭരണകൂടവും പൊതുജനങ്ങളും തമ്മിലുള്ള ബന്ധത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദീർഘവീക്ഷണത്തോടെ കെ സ്മാർട്ട് എന്ന സോഫ്റ്റ്വെയർ വഴിയുള്ള ആദ്യ സമ്പൂർണ്ണ ബജറ്റും കൂടിയാണെന്നുള്ള പ്രത്യേകത കൂടി ഇന്നത്തെ ബജറ്റിന് ഉണ്ട്. നമ്മുടെ ഭരണസമിതിയെ സംബന്ധിച്ചിടത്തോളം 2026-27 സാമ്പത്തിക വർഷം വികസനകാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ജനപങ്കാളിത്തത്തോടെയുള്ള ക്രീയാത്മകവും ഭാവനാ പൂർണ്ണവും ദീർഘനവീക്ഷണത്തോടു കൂടിയുള്ളതുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്. വ്യക്തമായ കാഴ്ചപ്പാടും, ലക്ഷ്യവും സമയക്രമവും അതിനായി ആവശ്യമാണ്. അതോടൊപ്പം അശ്രാന്തമായ നമ്മുടെ പരിശ്രമം കൂടി ചേരുമ്പോൾ വിജയം സുനിശ്ചിതമായും കടന്നുവരും.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 165-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിലെ 27 അനിവാര്യ ചുമതലകളും അതോടൊപ്പം പൊതു ചുമതലകളും പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുണ്ട്. ഇത് പ്രകാരമുള്ള ചുമതലകൾ നിറവേറ്റുന്നതിനുള്ള പ്രധാന വിഭവ സ്രോതസ് വികസനഫണ്ടാണെന്ന് നമുക്ക് എല്ലാം അറിവുള്ളതാണ്. നമ്മുടെ തനത് ഫണ്ട് വളരെ കുറവും ആയത് പഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിനും, മറ്റ് ഭരണപരമായ ചെലവിനും മാറ്റിവയ്ക്കേണ്ടതായിവരുന്നു. ലഭ്യമായ ധനസ്രോതസുകളെ കുറിച്ച് ബജറ്റ് അവതരണത്തിൽ പ്രതിപാദിക്കുന്നതാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി ജനങ്ങളിലേക്ക് എത്തുന്നതിന് ഭരണസമിതി ഒരേമനസ്സോടു കൂടി പ്രവർത്തിക്കേണ്ടത് വളരെ അത്യാവശ്യമാണ്. എങ്കിൽ മാത്രമെ ആയതിന്റെ ഗുണഫലങ്ങൾ ജനങ്ങളിൽ എത്തുകയുള്ളൂ. ഭൂരഹിത ഭവന രഹിതരായവരെ സംരക്ഷിക്കുന്നതിനുള്ള ലൈഫ് ഭവന പദ്ധതി പ്രകാരം കൂടുതൽ വീടുകൾ അനുവദിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കാർഷിക മേഖലയിലും, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ കൂടി മുന്നേറേണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഇനിയുള്ള വികസനം എന്തെല്ലാം ആയിരിക്കണം എന്ന് അപഗ്രഥിച്ച് അവതരണം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾക്ക് 2026-27 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. അതിനാവശ്യമായ വിഭവ സമാഹരണം കൂടി ലക്ഷ്യം ഇട്ടാണ് 2026-27 ലെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സാമൂഹിക സാംസ്ക്കാരികസാമ്പത്തികആരോഗ്യ വിദ്യാഭ്യാസ കാർഷിക മേഖലകളുടേയും, ശിശു, വനിത, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങി സർവ്വതല സ്പർശിതകളായ എല്ലാ മേഖലകളുടേയും വികസനം ലക്ഷ്യമാക്കിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായിട്ടുള്ള ബജറ്റാണിത്. ബജറ്റ് വർഷം തന്നെ 15-ാം പഞ്ചവത്സര പദ്ധതിയുടെ മുന്നൊരുക്കങ്ങൾക്കും തയ്യാറാകേണ്ടതുണ്ട്. ആയതിനാൽ സാമ്പത്തിക വർഷത്തെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ ആവശ്യവും വിശ്വാസവും നിറവേറ്റുന്നതിന് ജനപ്രതിനിധികളും നിർവ്വ ഹണ ഉദ്യോഗസ്ഥരും ആത്മാർഥമായി പ്രവർത്തിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

ബജറ്റിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കും, ഫലപ്രാപ്തിയോടുള്ള നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

പ്രസന്ന സതീഷ്
പ്രസിഡന്റ്,
കുറ്റൂർ ഗ്രാമപഞ്ചായത്ത്

ബജറ്റ് അവതരണം



മാന്യരെ,

കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ് കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ഉം, 2008 ലെ കേരളാ പഞ്ചായത്ത് രാജ് ബജറ്റ് നിർമ്മാണ ചട്ടങ്ങളും പ്രകാരം ഈ കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുകയാണ്. ഈ ഭരണസമിതിയുടെ ആദ്യ ബജറ്റാണിത്. മുൻവർഷങ്ങളിൽ തോളോടുതോൾ ചേർന്ന് നിന്നുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ മാന്യ വ്യക്തികളേയും ഈ വേളയിൽ നന്ദിയോടെ സ്മരിക്കുന്നു.

പൊതുപണം കൈകാര്യം ചെയ്യുന്നവർ അടുത്തവർഷം തങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വിഭവങ്ങൾ എങ്ങനെ എത്രമാത്രം സമാഹരിക്കുമെന്നും അവ എങ്ങനെ വിനിയോഗിക്കും എന്നും വർഷാരംഭത്തിന് മുൻപേ പ്രഖ്യാപിക്കുന്ന സാമ്പത്തിക പ്ലാനാണ് ബജറ്റ്. ഏതൊരു ഭരണസമിതിയെ പ്പോലും അടുത്തവർഷത്തേക്കുള്ള പഞ്ചായത്തിന്റെ നയപ്രഖ്യാപന രീതി കൂടിയാണ് ഈ ബജറ്റ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, കെട്ടിടനിർമ്മാണ അനുമതി ഫീസ് തുടങ്ങിയ ഇനങ്ങളിൽ ലഭിക്കുന്നതാണ്. ഇത് കൂടാതെ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ അനുവദിക്കുന്ന ജനറൽപർപ്പസ് ഫണ്ടും നമ്മുടെ വരുമാനം ആണ്. പദ്ധതി ചെലവുകൾക്കായി വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് ,ഹെൽത്ത് ഗ്രാന്റ് , മെയിന്റനൻസ് ഫണ്ടുകളായ റോഡ്, നോൺ റോഡ് ഫണ്ടുകളും ലഭിക്കുന്നു. ഇത് കൂടാതെ വിവിധ സർക്കാർ മിഷനുകളിൽ ലഭ്യമാകുന്ന ഫണ്ട്, ലൈഫ് ഭവന പദ്ധതിയായി സർക്കാർ നൽകുന്ന ഫണ്ടും, കെ.യു.ആർ.ഡി.എഫ്.സി ലോണും, ദേശിയതൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുത്തു

നടപ്പിലാക്കേണ്ട ഉത്തരവാദിത്തം പഞ്ചായത്ത് ഭരണസമിതിയ്ക്കുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ട് ഉപയോഗിച്ച് വേണം ഗ്രാമപഞ്ചായത്തിന് മുന്നോട്ട് പോകേണ്ടത്. കുറ്റൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് തനത് ഫണ്ട് കുറവായതിനാലും, സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് മാത്രം പൂർണ്ണമായ വികസനം സാധ്യമാകില്ല. ആയതിനാൽ മറ്റ് വിഭവ സ്രോതസ്സുകൾ പരമാവധി സമാഹരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിന് ജില്ല പഞ്ചായത്ത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, എം.എൽ.എ, എം.പി ഫണ്ട്, മറ്റ് സംസ്ഥാന/കേന്ദ്രസർക്കാർ ഫണ്ട്, സി.എസ്.ആർ ഫണ്ട്, എന്നിവ സമാഹരിച്ചെങ്കിൽ മാത്രമേ മികച്ച വികസനം സാധ്യമാകു. ആയതിന് ഭരണ പ്രതിപക്ഷ ഭേദമന്യേ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് ഒന്നിച്ച് നിൽക്കേണ്ടത് നാടിന്റെ വികസനത്തിന് വളരെ അത്യാവശ്യമാണ്.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി **2026-27** ബജറ്റ് വർഷം തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപയും **(9500000)**, സേവന നികുതി ഇനത്തിൽ എഴ് ലക്ഷം രൂപയും**(700000)**, തൊഴിൽ നികുതി ഇനത്തില് ഇരുപത്തി അഞ്ച് ലക്ഷം രൂപയും **(2500000)**, ലൈസൻസ് ഫീസിനത്തിൽ അഞ്ച് ലക്ഷം രൂപയും**(500000)**, ജനറൽ പർപ്പസ് ഫണ്ടിനത്തിൽ ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരം രൂപയും**(16334000)** ഉൾപ്പെടെ രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ**(29534000)** രൂപ പ്രതീക്ഷിക്കുന്നു.

ബജറ്റ് 2026-27 ഒറ്റനോട്ടത്തിൽ

വാർഷിക പദ്ധതിയ്ക്കായി ലഭിക്കുന്ന ഫണ്ട് വിഹിതം

വികസന ഫണ്ട്(ജനറൽ)	-25091000/- (രണ്ട് കോടി അൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ)
വികസന ഫണ്ട്-എസ്.സി.പി	-7880000/- (എഴുപത്തി എട്ട് ലക്ഷത്തി എൺപതിനായിരം രൂപ)
മെയിന്റനൻസ് ഫണ്ട്-റോഡ്	-10158000/- (ഒരു കോടി ഒരു ലക്ഷത്തി അൻപത്തി എണ്ണായിരം രൂപ)
മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്	- 4759000/- (നാൽപത്തി ഏഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ)

പ്രതീക്ഷിക്കുന്ന മറ്റ് ഫണ്ട് വരവുകൾ

ധനകാര്യകമ്മീഷൻ - ബേസിക് ഗ്രാൻറ്	- 2033600/-(ഇരുപതു ലക്ഷത്തി മുപ്പത്തിമൂവായിരത്തി അറുന്നൂറ് രൂപ)
ധനകാര്യകമ്മീഷൻ -ടൈഡ് ഫണ്ട്	- 3050400/-(മുപ്പത് ലക്ഷത്തി അൻപതിനായിരത്തി നാന്നൂറ് രൂപ)
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	-2000000/-(ഇരുപത് ലക്ഷം രൂപ)
ജില്ലാ പഞ്ചായത്ത് വിഹിതം	-1800000/-(പതിനെട്ട് ലക്ഷം രൂപ)
ഐ.സി.ഡി.എസ് വിഹിതം	-1200000/-(പന്ത്രണ്ട് ലക്ഷം രൂപ)
ലൈഫ് മിഷൻ	- 3000000/-(മുപ്പത് ലക്ഷം രൂപ)
കെ.യു.ആർ.ഡി.എഫ്.സി ലോൺ	
ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ	-3000000/-(മുപ്പത് ലക്ഷം രൂപ)
എസ്.ബി.എം-ശുചിത്വ മിഷൻ	-2500000/-(രണ്ട് കോടി അൻപത് ലക്ഷം രൂപ)
ഗുണഭോക്തൃ വിഹിതം	-800000/-(എട്ട് ലക്ഷം രൂപ)

പദ്ധതി ചെലവിന് ആകെ ലഭിക്കുന്ന ഫണ്ട് 66472000 (ആറ് കോടി അറുപത്തിനാല് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ)

ഭരണഘടനാ സ്ഥാപനമായ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, യാത്ര ആനുകൂല്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, യാത്രബത്ത, എന്നിവ ഉൾപ്പെടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കായും പഞ്ചായത്ത് ഓഫീസ്, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ ഭരണചെലവുകൾ, അടിയന്തരചെലവുകൾ, എന്നിവയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടേയും ഹൈമാസ്റ്റ് ലൈറ്റുകളുടേയും വൈദ്യുതിചാർജ്ജ് ഇനത്തിലും വാഹനങ്ങളുടെ ഇന്ധനം, മെയിന്റനൻസ് എന്നിവയുടെ ചെലവിനും മറ്റ് ആസ്തികളുടെ സംരക്ഷണത്തിനും ബജറ്റില് തുക വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖല

നമ്മുടെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ല് കാർഷിക മേഖലയാണ്. ഒരു കാലത്ത് സ്വർണ്ണവർണ്ണത്തിൽ നെല്ല് വിളഞ്ഞ് കിടന്നിരുന്ന നമ്മുടെ പാടശേഖരങ്ങൾ ഇന്ന് നികത്തപ്പെടുകയോ തരിശുഭൂമി ആയോ മാറിയിട്ടുണ്ട്. കാർഷിക മേഖലയിൽ വിജയകരമായ ജനകീയ ഇടപെടലുകൾ ഉണ്ടായാൽ മാത്രമേ നമ്മുടെ കാർഷിക സംസ്കൃതിയെ പുനരുജ്ജീവിപ്പിക്കുവാൻ കഴിയുകയുള്ളൂ. നമ്മുടെ പഞ്ചാത്തിലെ കാർഷിക വിഭവങ്ങളുടെ

ഉൽപ്പാദനമേഖലയെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വിവിധ പദ്ധതികൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നെൽകൃഷി, പച്ചക്കറി, വാഴകൃഷി, വെറ്റില തുടങ്ങിയ എല്ലാ കാർഷിക വിളകളുടേയും വികസനത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ചിങ്ങം-1 ന് കാർഷികോത്സം നടത്തേണ്ടതായിട്ടുണ്ട്. ടി പരിപാടിയിൽ കാർഷിക സെമിനാർ, കാർഷികോൽപ്പന്നങ്ങളുടെ പ്രദർശനം, കർഷകരെ ആദരിക്കൽ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. കാർഷിക മേഖലയുടെ വികസനത്തിന് വലിയ പ്രാധ്യന്യമാണ് നമ്മൾ നൽകുന്നത്. നെൽകൃഷി പ്രോത്സാഹിപ്പിക്കുകയും നെൽകർഷകരെ പരമാവധി സഹായിക്കുന്നതിനും മുൻതൂക്കം നൽകും. നെൽ കൃഷി വികസനം, കരിമ്പ് കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി, സസ്യ സംരക്ഷണ മരുന്നുകൾ വിതരണം ചെയ്യൽ, കൃഷി ഭവന്റെ ദൈനംദിന ആകസ്മിക ചെലവുകൾക്കുള്ള തുക വകയിരുത്തൽ, കിഴങ്ങ് വർഗ്ഗ വിള-ധന സഹായ പദ്ധതി, വാഴകൃഷി വികസനം-ധനസഹായ പദ്ധതി, വീടുകൾ കേന്ദ്രീകരിച്ചുള്ള പോഷക തോട്ടം, കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കുമ്മായം ഡോളോമൈറ്റ് വിതരണം, കൃഷി സമൃദ്ധി -കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും ജൈവ വളം വിതരണം, തരിശു കൃഷിയ്ക്ക് ധനസഹായ പദ്ധതി, കൃഷി ആവശ്യത്തിനു കിണർ നിർമ്മിക്കുന്നതിന് ധന സഹായം, കാർഷിക ജല സേചനത്തിനു പമ്പ് സെറ്റ് വാങ്ങുന്നതിന് ധന സഹായം നൽകൽ, തെങ്ങിന്റെ രോഗ കീട ബാധയ്ക്കെതിരെ മരുന്ന് തളിയ്ക്കൽ പദ്ധതി, സമഗ്ര ഇടവിള കൃഷി വ്യാപന പദ്ധതി എന്നീ പദ്ധതികൾക്കായി ആകെ നാൽപ്പത്തി ഒന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ (4175000) ബജറ്റിൽ രൂപ വകയിരുത്തുന്നു.

മൃഗസംരക്ഷണം

കാർഷിക മേഖല കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ പ്രധാന ജീവനോപാധിയായി ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത് മൃഗസംരക്ഷണം ആണ്. കാലിത്തീറ്റയുടെ വലിയ വില വർദ്ധനവ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്തി കറവപശുക്കളുടെ സംരക്ഷണത്തിന് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതുണ്ട്. അതോടൊപ്പം പാലിന് സബ്സിഡി നൽകുന്നതിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പാലുൽപാദനത്തിൽ പഞ്ചായത്തിന് സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്നതാണ്

ആത്യന്തികമായ ലക്ഷ്യം. പോത്തുകുട്ടി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, പേവിഷ പ്രതിരോധ വാക്സിനേഷൻ, വെറ്ററിനറി മരുന്നുകൾ വാങ്ങൽ, എന്നിവയ്ക്കും ആകെ മുപ്പത് ലക്ഷം രൂപ (3000000) രൂപ വകയിരുത്തിയിട്ടുണ്ട്.

വനിതാക്ഷേമം, ശിശുക്ഷേമം

വികസന ഫണ്ടിന്റെ 10 ശതമാനമാണ് വനിതാക്ഷേമത്തിനായി വകയിരുത്തേണ്ടത്. സ്ത്രീകളെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം നമുക്ക് കൈവരിക്കേണ്ടതുണ്ട്. സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലും പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്വയം തൊഴിലാളി സംരഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി ധനസഹായം നൽകി വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിന് മുൻതൂക്കം നൽകുക എന്നതാണ് പഞ്ചായത്തിന്റെ പ്രധാനലക്ഷ്യം. നമ്മുടെ പഞ്ചായത്തിൽ 20 അംഗനവാടികൾ പ്രവർത്തിക്കുന്നു. എല്ലാ അംഗനവാടികളും സ്മാർട്ട് അംഗനവാടികളാക്കുന്നതിന് കഴിയണം. അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം, അങ്കണവാടി കലോത്സവം, ജാഗ്രതാ സമിതി ശക്തിപ്പെടുത്തലും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ നിയമനവും, സ്വയം തൊഴിൽ വനിതാ വ്യക്തിഗതം, ആകെ നാൽപ്പത് ലക്ഷം രൂപ (4000000) വകയിരുത്തുന്നു.

ആരോഗ്യം

സമ്പൂർണ്ണ ആരോഗ്യസുരക്ഷാപദ്ധതിയുടെ ഭാഗമായി പി.എച്ച്.സിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ജീവിതശൈലി രോഗപരിശോധന, മാറാരോഗികൾക്കും പരസഹായം ആവശ്യമായ രോഗികൾക്ക് മരുന്ന് ലഭ്യമാക്കൽ, അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ, പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ, വാഹനവാടക പ്രതിരോധ കുത്തിവെയ്പ് വൈദ്യപരിശോധന, പെയിൻ ആൻറ് പാലിയേറ്റീവ് കെയർ, മെൻസ്ട്രൽ കപ്പ് വിതരണം എന്നിവയ്ക്ക് മുപ്പത്തി എഴ് ലക്ഷത്തി നാൽപ്പതിനായിരം രൂപ (3740000) ബജറ്റിൽ വകയിരുത്തുന്നു.

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിന് നാല് ലക്ഷം രൂപ (400000) രൂപ, ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തന ചെലവിന് മുപ്പത്തി അയ്യായിരം രൂപ (35000) രൂപയും വകയിരുത്തുന്നു.

ആയൂർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, കിടപ്പ് രോഗികൾക്ക് ആരോഗ്യ സാന്ത്വന പരിചരണം, ആയുർവേദ ഡിസ്പെൻസറിക്കു പ്രവർത്തന ചെലവ്, ആയുർവേദ ഡിസ്പെൻസറിക്ക് യുപിഎസ് വാങ്ങൽ എന്നിവയ്ക്കായി ആകെ ഒൻപത് ലക്ഷത്തി പതിനായിരം രൂപ (910000) രൂപ വയിരുത്തുന്നു.

അഗതികളുടെ ക്ഷേമം

അതി ദരിദ്രർക്ക് ഭക്ഷണം നൽകൽ, ക്ഷയരോഗികൾക്ക് പോഷകാഹാരം എന്നിവയ്ക്ക് ആകെ ഒരു ലക്ഷത്തി ഇരുപത്തി എണ്ണായിരം രൂപ (128000) രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം

നമ്മുടെ ഭാവിസമൂഹം എന്നത് ഇന്നത്തെ വിദ്യാർത്ഥികളാണ്. നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന തരത്തിൽ ഭൌതിക സാഹചര്യങ്ങൾ മാറ്റി എടുക്കുന്നതിനായി നമ്മുടെ സ്കൂളുകളുടെ അടിസ്ഥാന വികസനം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. ക്ലാസ് റൂമുകൾ എല്ലാം സ്മാർട്ട് ആക്കേണ്ടതുണ്ട്. അതോടൊപ്പം പഠനനിലവാരം ഉയർത്തുന്നതിനും പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ എൽ.പി.എസ് ഗവൺമെന്റ് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിന് അഞ്ച് ലക്ഷം രൂപ (500000) വകയിരുത്തുന്നു.

ശുചിത്വം

ഹരിത കേരള മിഷന്റെ ഒന്നാമത്തെ ഘടകം ശുചിത്വമാണ് ഗ്രാമപഞ്ചായത്തിന്റെ അടുത്തസാമ്പത്തിക വർഷത്തെ മുഴുവൻ ശുചിത്വ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനമാണ് ലക്ഷ്യമിടുന്നത്. 100 ശതമാനം യൂസർഫീ കളക്ട് ചെയ്യണം എന്ന് നമ്മൾ ആഗ്രഹിക്കുമ്പോഴും ചില കുടുംബങ്ങളും,സ്ഥാപനങ്ങളും ഇതിനെതിരെ മുഖം തിരിച്ച് നിൽക്കുകയാണ്. അതോടൊപ്പം ശരിയായ വിധത്തിൽ മാലിന്യത്തിന്റെ ഉറവിട സംസ്കരണം ഇല്ലാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്, ഇത്തരം വ്യക്തികളേയും സ്ഥാപനങ്ങളേയും കണ്ടെത്തി പിഴ നൽകേണ്ടതും ഈ തുക പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബജറ്റിൽ വിഭാവനം ചെയ്യുന്നു. ഹരിത സഹായ സ്ഥാപനം വിഹിതം നൽകൽ, ഹരിതകർമസേന വാഹനം - ഡ്രൈവറുടെ വേതനം, സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ,

ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾക്ക് എട്ട് ലക്ഷത്തി മുപ്പതിനായിരം രൂപ (830000) വകയിരുത്തുന്നു.

പട്ടിക ജാതി ക്ഷേമം

പട്ടിക ജാതി ക്ഷേമത്തിനായി എസ് സി കുട്ടികൾക്ക് സ്കോളർഷിപ്പ്, എസ് സി വനിതകൾക്ക് വിവാഹ ധനസഹായം, എന്നിവയ്ക്കായി ആകെ പതിനാല് ലക്ഷം രൂപ(1400000) രൂപ വകയിരുത്തുന്നു. ലൈഫ് ഭവന പദ്ധതി എസ്.സി.പി, വീട് വാസയോഗ്യമാക്കൽ എസ്.സി.പി, പി.എം.എ.വൈ ഭവന പദ്ധതി പട്ടികജാതി, എസ്.സി സാംസ്കാരിക നിലയം അറ്റുകുറ്റപ്പണികൾ വാർഡ് 15 എന്നിവയ്ക്ക് ആകെ അൻപത്തി അഞ്ച് ലക്ഷം രൂപ (5500000) രൂപ വകയിരുത്തുന്നു.

വയോജന ക്ഷേമം

ജീവിത സായാഹ്നമായ വാർദ്ധക്യത്തിലെത്തുന്നവരുടെ ക്ഷേമം ലക്ഷ്യമാക്കി വികസന ഫണ്ടിന്റെ 10 ശതമാനം വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അറുന്നൂറ്റി നാൽപ്പത് രൂപ (1397640) വകയിരുത്തുന്നു.

ഭിന്നശേഷി ക്ഷേമം

ഓരോ കുട്ടിയും ഓരോ പനിനീർപുഷ്പം പോലെയാണ് ആ സങ്കൽപ്പത്തിലാണ് നമ്മുടെ പഞ്ചായത്തിന്റെ വികസന സങ്കൽപ്പങ്ങളിൽ അവരുടെ സ്വപ്നങ്ങൾക്കു കൂടി നിറച്ചാർത്ത് ഉണ്ടാകണം എന്നാണ് ആഗ്രഹം. ഭിന്നശേഷി കലാമേള, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്,ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ തുടങ്ങിയവയ്ക്കും ബജറ്റിൽ പന്ത്രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ 1275000/- വകയിരുത്തുന്നു.

ഭവന നിർമ്മാണം

ഏതൊരു വ്യക്തിയുടേയും ജീവിതസ്വപ്നമാണ് സ്വന്തമായി ഒരു വീട് എന്നത്. ആ സ്വപ്ന പദ്ധതിയുടെ സാക്ഷാത്കാരമാണ് ലൈഫ് ഭവന പദ്ധതിയിലൂടെ നടപ്പിലാകുന്നത്. നമ്മുടെ പഞ്ചാത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം 92 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവനപദ്ധതി ആനുകൂല്യം ലഭിക്കുവാന് ബാക്കിയുള്ളവർക്ക് കൂടി ഭവനങ്ങൾ പൂർത്തീകരിച്ച് അവരുടെ സ്വപ്ന സാക്ഷാത്കാരം യാഥാർത്ഥ്യമാക്കുക എന്നത്

ഭരണസമിതിയുടെ ഉത്തരവാദിത്തം ആണ്. ആയതിന് ലൈഫ് ഭവന പദ്ധതി എസ് സി, വീട് വാസയോഗ്യമാക്കൽ എസ് സി, പി.എം.എ.വൈ ഭവന പദ്ധതി പട്ടികജാതി, വീട് വാസയോഗ്യമാക്കൽ -ജനറൽ, ലൈഫ് ഭവനപദ്ധതി- ജനറൽ, പി.എം.എ.വൈ ഭവന പദ്ധതി ജനറൽ എന്നിവയ്ക്ക് ആകെ ഒരു കോടി എൺപത്തിഅഞ്ച് ലക്ഷം രൂപ (18500000) ബജറ്റിൽ വകയിരുത്തുന്നു.

ഊർജ്ജം-തെരുവ് വിളക്ക് പരിപാലനം

എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകൾ പരിപാലനം നടത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തം ആണ്. പ്രവർത്തന രഹിതമാകുന്ന ബൾബുകൾ ക്യത്യമായി തന്നെ പുനസ്ഥാപിച്ച് മുന്നോട്ട് പോകേണ്ടത് വളരെ അത്യാവശ്യമാണ്. കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്ക് പരിപാലനത്തിനായി ഒൻപത് ലക്ഷം രൂപ (900000) വകയിരുത്തുന്നു.

തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ്, പഞ്ചായത്ത് ഓഫീസിലേയും, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേയും കറണ്ട് ചാർജ്ജ് ചെലവുകൾക്ക് ആവശ്യമായ പതിമൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരം (1350000) രൂപ വകയിരുത്തിയിട്ടുണ്ട്. കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും സോളാർ പ്ലാന്റ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കൂടി ഈ ബജറ്റിൽ പ്രത്യേകം പരാമർശിക്കുന്നു.

റോഡുകൾ

കുറ്റൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുടെ അവസ്ഥ വളരെ മോശമാണ്. എല്ലാ വാർഡുകളിലേയും അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകൾ മികച്ച രീതിയിൽ സഞ്ചാരയോഗ്യമാക്കേണ്ടത് പഞ്ചായത്ത് ഭരണസമിതിയുടെ ഉത്തരവാദിത്തം ആണ്. ആയതിന് മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ഒരു കോടി ഒരു ലക്ഷത്തി അൻപത്തി എണ്ണായിരം (10158000) രൂപ വകയിരുത്തുന്നു, ടി തുക കുറ്റൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും റോഡുകൾ അറ്റകുറ്റപണി നടത്തുന്നതിന് പര്യാപ്തമല്ല. ആയതിനാൽ നമ്മുടെ ഭരണസമിതി ഒറ്റക്കെട്ടായി നിന്ന് ജില്ലാ പഞ്ചായത്ത് വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്,മറ്റ് സർക്കാർ ഫണ്ടുകൾ എന്നിവ സമന്വയിപ്പിച്ച് നമ്മുടെ ഗ്രാമീണ റോഡുകൾ എല്ലാം തന്നെ മിക്കച്ച നിലവാരത്തിലേക്ക് മാറ്റേണ്ടത് വളരെ അത്യാവശ്യമാണ്.

കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഭരണ/പ്രതിപക്ഷ ഭേദമന്യേ പഞ്ചായത്തിന്റെ വികസനയാത്രയിലെ പരസ്പര സഹകരണത്താൽ കുറ്റൂർ ഗ്രാമപഞ്ചായത്തിൻറെ ഭാവി ഭാസുരമാക്കുവാനുള്ള യത്നത്തിൽ നമുക്ക് ഒരുമിച്ച് പങ്കാളികളാകാം. കുറ്റൂർ ഗ്രാമപഞ്ചായത്തിൻറെ ഇനിയുള്ള വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പിൻബലം നൽകുന്നതിനായി **2026-27** സാമ്പത്തികവർഷത്തെ ബജറ്റിന് മേലുള്ള ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി ഈ ബജറ്റ് പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു.

കുറ്റൂർ

06/03/2026

എം.ആർ. ഗോപകുമാർ


വൈസ് പ്രസിഡൻറ്

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ,
കുറ്റൂർ ഗ്രാമപഞ്ചായത്ത്.

കുറ്റൂർ ഗ്രാമപ്പഞ്ചായത്ത്

2026-2027 സാമ്പത്തികവർഷത്തെ കരട് ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ **03-03-2026** തീയതിയിലെ
1 - നമ്പർ തീരുമാനം പ്രകാരം
അംഗീകരിച്ചത്.)



KUTTOOR GRAMA PANCHAYAT

Summary

2026-2027

SN	PARTICULARS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
1	Opening Balance		15445975	35560809
2	Total Revenue Receipts		68119277	75314700
3	Total Capital Receipts		79486555	96971875
4	Total Receipts		147605832	172286575
5	Grand Total		163051807	**207847384**
6	Total Revenue Expenditure		111097216	107886575
7	Total Capital Expenditure		16393782	3300000
8	Project Expenditure			68072000
9	Total Expenditure		127490998	**179258575**
10	Closing Balance (5-9)		35560809	**28588809**

KUTTOOR GRAMA PANCHAYAT

Form 1

2026-2027 NEW BUDGET

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
	Opening Balance		15445975	35560809
	Revenue Receipt - 1			
	Tax Revenues - 110			
1	1100101 Property Tax (General)		8500000	9500000
2	1100102 Service Cess u/rule 26		650000	700000
3	1101001 Profession Tax – Employees		1850000	2500000
4	1101002 Profession Tax - Traders/ Institutions		0	500000
	Total Tax Revenues		11000000	**13200000**
	Fees and User Charges - 140			
5	1401099 Other Empanelment & Registration Charges		20000	20000
6	1401101 License Fees for IFTEOS		300000	700000
7	1401106 License Fees for Domestic Dogs		2400	10000
8	1401201 Fees for Construction of Buildings		419597	200000
9	1401203 Permit Application fee		350000	1000000
10	1401302 Fees for Delayed Registration - Birth & Death		182	5000
11	1401304 Fee for Marriage Registration		4520	10000
12	1401305 Fee for Non Availability Certificate		40	3000
13	1401306 Fee for Correction in Registration		310	2000
14	1401399 Fees for Other Certificates or Extracts		75000	20000
15	1401701 Regularization Fees		315461	500000
16	1401801 Application Fee		100	10000
17	1402001 Penal Interest		97758	300000
18	1402003 Other Penalities and Fines		100000	50000
19	1402004 Compounding Fee		300	2000
20	1402006 Fine imposed by Health Authorities		20000	150000

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
21	1404002 Notice Fees		12485	25000
22	1404004 Ownership Change Fees - Fine		28500	100000
23	1404008 Delayed Registration Fees		1750	10000
24	1404009 Search Fees		278	2000
25	1404011 Late Fee		1000	5000
26	1404099 Other Fees		150000	150000
27	1405017 Water Connection / Disconnection/ Renewal Service Charge		213480	0
28	1405099 Other User Charges		25000	30000
29	1408001 Other Charges		4000	5000
	Total Fees and User Charges		2142161	**3309000**
	Sale and Hire Charges - 150			
30	1501099 Receipts from Sale of Other Products		70000	100000
31	1501101 Receipts from Sale of Forms		70000	100000
32	1501102 Receipts from Sale of Tender Forms		944	100000
33	1501201 Receipts from Sale of Stores		472	0
34	1501202 Receipts from Sale of Scrap		200000	25000
35	1503001 Receipts from Miscellaneous Sales		20000	20000
	Total Sale and Hire Charges		361416	**345000**
	Revenue Grants, Contributions and Subsidies - 160			
36	1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers		2014000	2014000
37	1601012 Fund for Transferred Functions/ Schemes - Widow Pension		8812400	8812400
38	1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50		186600	186600
39	1601014 Fund for Transferred Functions/ Schemes - Pension for Differentially Abled		2840700	2840700
40	1601018 Fund for Transferred Functions/ Schemes - Old Age Pension		26153000	26153000
41	1601023 General Purpose Fund		13729000	16334000
42	1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme		0	1000000
	Total Revenue Grants, Contributions and Subsidies		53735700	**57340700**

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
	Interest Earned - 171			
43	1711001 Interest from Bank Accounts		300000	500000
	Total Interest Earned		300000	**500000**
	Other Income - 180			
44	1808099 Miscellaneous Receipts		20000	20000
	Total Other Income		20000	**20000**
	Rental Income - LB Properties - 130			
45	1301009 Rent from Auditorium and Halls		60000	100000
46	1302003 Rent from Buildings		500000	500000
	Total Rental Income		560000	**600000**
	Total Revenue Receipt		68119277	**75314700**
	Capital Receipt - 2			
	Grants, Contribution for Specific Purposes - 320			
47	3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres		159000	0
48	3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs		206000	0
49	3201004 Central Finance Commission Grant - Tied		5707535	0
50	3201005 Central Finance Commission Grant - Untied		2282105	0
51	3201016 Integrated Child Protection Scheme (ICPS)		1500000	1200000
52	3201020 Integrated Child Development Service		1100000	0
53	3201027 Swaccha Bharat Mission - Grameen		3257538	2500000
54	3201035 Total Sanitation Campaign		0	800000
55	3201044 Mahatma Gandhi National Rural Employment Scheme (MGNREGS)		9749000	29596875
56	3202001 Development Fund - General		12727841	25091000
57	3202002 Development Fund - Special Component Plan		9397409	7880000
58	3202009 Maintenance Fund - Road Assets		13321069	10158000
59	3202010 Maintenance Fund - Non-Road Assets		4884338	4759000
60	3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission		3500000	3000000
61	3208010 Beneficiary Contribution		658620	800000

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
62	3209001 Contribution to Joint Venture Projects from District Panchayat		2346100	2000000
63	3209002 Contribution to Joint Venture Projects from Block Panchayat		1890000	1800000
	Total Grants, Contribution for Specific Purposes		72686555	**89584875**
	Secured Loans - 330			
64	3305003 Loan from K.U.R.D.F.C		4000000	3000000
	Total Secured Loans		4000000	**3000000**
	Deposits Received - 340			
65	3401001 Earnest Money Deposit		0	135000
66	3401003 Retention		0	92000
67	3402001 Rent Deposit		0	210000
68	3402002 Auction Deposit		0	175000
69	3408001 Deposit Received From Halls, Stadiums and Auditoriums		0	15000
70	3408099 Other deposits received		0	160000
	Total Deposits Received		0	**787000**
	Other Liabilities - 350			
71	3504101 Advance Collection of Revenues		0	500000
	Total Other Liabilities		0	**500000**
	Redemption - 431			
72	4315002 Receivables from Government (redemption amount)		0	2500000
	Total Redemption		0	**2500000**
	Loans, Advances and Deposits - 460			
73	4605003 Advance to Implementing Officers		0	500000
74	4605004 Temporary Advances for Official Purposes		0	100000
75	4605005 Advance to Mahatma Gandhi NREGS/ AUEGS		2800000	0
	Total Loans, Advances and Deposits		2800000	**600000**
	Total Capital Receipt		79486555	**96971875**
	Revenue Expenditure - 3			
	Establishment Expenses - 210			
76	2101001 Salaries -Secretary		1150000	2000000
77	2101002 Salaries - Engineering Staff		300000	360000
78	2101003 Salaries - Permanent Staff		10000000	24000000

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
79	2101004 Salaries - Contract Staff		2500000	3000000
80	2101007 Salaries - Part time Contingent Staff		600000	800000
81	2101101 Wages		600000	500000
82	2101201 Bonus		68000	100000
83	2101401 Honourarium		100000	150000
84	2102001 Travelling Allowances - Secretary		50000	50000
85	2102003 Travelling Allowances - Permanent Staff		250000	300000
86	2102006 Other allowances - Secretary		25000	0
87	2102014 Monthly Honorarium and Sitting Allowance -Councillors/ Members		1750000	3000000
88	2102016 Other Benefits and Allowances		400000	0
89	2102017 Festival Allowance		79380	150000
90	2102018 Spectacle Allowance		0	10000
91	2102019 Travelling Expense of Chairperson/ President, Deputy Chai		100000	150000
92	2103001 Employer's Contribution to Pension Fund - Regular Employees		1000000	700000
93	2104001 Terminal Leave Surrender		500000	500000
	Total Establishment Expenses		19472380	**35770000**
	Administrative Expenses - 220			
94	2201001 Rent of Buildings		20000	20000
95	2201101 Office Electricity Expenses		150000	150000
96	2201199 Other Office Maintenance Expenses		150000	150000
97	2201299 Miscellaneous Communication Expenses		250000	150000
98	2202001 Books & Periodicals		65000	50000
99	2202101 Printing & Stationery		300000	300000
100	2204001 Insurance		100000	0
101	2204002 Insurance - Vehicles		0	100000
102	2205101 Miscellaneous Legal Expenses		100000	100000
103	2205102 Revenue Recovery Charges		75000	50000
104	2205201 Professional & Other Fees		10000	0
105	2206001 Newspaper Advertisement Charges		150000	150000
106	2206099 Other Advertisement & Publicity Charges		40000	0
107	2206101 Membership & Subscriptions		7500	8000
108	2208099 Miscellaneous Administration Expenses		700000	500000

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
109	2302001 Water Charges - Street Tap		350000	200000
	Total Administrative Expenses		2467500	**1928000**
	Operation and Maintenance - 230			
110	2301001 Electricity Charges for Street Lights		900000	1000000
111	2301002 Fuel Charges		0	350000
112	2301003 Electricity Charges of Other Buildings of LB		150000	50000
113	2304099 Other Hire Charges		35000	25000
114	2305001 Repairs & Maintenance - Roads and Pavements		601300	500000
115	2305301 Repairs & Maintenance - Vehicles		50000	100000
116	2305902 Repairs & Maintenance - Office Equipments		35000	30000
117	2305909 Other Repairs & Maintenance		250000	0
118	2308005 Expenses relating to collection of Taxes		0	100000
119	2308009 Registration Of Vehicles		4000	0
120	2308010 Extra - ordinary Expenses		100000	50000
121	2308201 Refreshment Charges		0	150000
	Total Operation and Maintenance		2125300	**2355000**
	Interest and Finance Charges - 240			
122	2407001 Bank Charges		1500	5000
123	2408001 Other Finance Expenses		1500	0
	Total Interest and Finance Charges		3000	**5000**
	Programe Expenses - 250			
124	2502001 Expenditure on Poverty Eradication Program		0	26796875
	Total Programe Expenses		0	**26796875**
	Expenses related to State Sponsored Schemes - 254			
125	2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person		2840700	0
126	2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour		2014000	2014000
127	2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension		8812400	8812400
128	2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50		186600	186600

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
129	2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled		0	2840700
130	2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension		26153000	26153000
131	2540121 Programmes/ Expenditures of Transferred Functions/ Scheme s - Others/ Miscellaneous		333234	0
132	2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme		0	1000000
	Total Expenses related to State Sponsored Schemes		40339934	**41006700**
	Prior Period Items - 280			
133	2808001 Prior Period Expenses		10000	25000
	Total Prior Period Items		10000	**25000**
	Total Revenue Expenditure		111097216	**107886575**
	Capital Expenditure - 4			
	Refund of Deposits - 340			
134	3401001 Earnest Money Deposit		50000	75000
135	3401003 Retention		75000	100000
136	3402006 Election Deposit(Candidate)		90000	0
137	3408099 Other deposits received		15000	25000
	Total Refund of Deposits		230000	**200000**
	Loans, Advances and Deposits - 460			
138	4601001 Festival Advance to Employees		237000	300000
139	4605005 Advance to Mahatma Gandhi NREGS/ AUEGS		0	2800000
140	4605099 Advance to Others		150000	0
	Total Loans, Advances and Deposits		387000	3100000
141	**Total Revenue Receipts**		68119277	75314700
142	**Total Capital Receipts**		79486555	96971875
143	**Total Receipts**		147605832	172286575
144	**Grand Total**		163051807	**207847384**
145	**Total Revenue Expenditure**		111097216	107886575
146	**Total Capital Expenditure**		16393782	3300000
147	**Project Expenditure**			68072000

SN	HEAD OF ACCOUNTS	ACTUALS FOR THE PREVIOUS YEAR	BUDGET FOR 2025-2026	BUDGET FOR 2026-2027
148	**Total Expenditure**		127490998	**179258575**
149	**Closing Balance (144-148)**		35560809	**28588809**



കുറ്റൂർ ഗ്രാമ പഞ്ചായത്ത്

കുറ്റൂർ (പി.ഒ) , പുളിക്കീഴ് ബ്ലോക്ക്, പത്തനംതിട്ട ജില്ല – 689106
ഫോൺ 0469–2614387